വെള്ളിത്തിര - അതെന്നും നമ്മെ ഭ്രമിപ്പിച്ചിരുന്നു.

തിരശ്ശീലയുടെ വലുപ്പം ഏതുമാകട്ടേ ; ബിഗ്-മിനി- മൊബൈൽ സ്ക്രീൻ. സെക്കന്ററിൽ 24 ഫ്രെയിം വീതം കൺമുന്നിൽ വരുന്ന അതിലെ കഥയും, കഥാപാത്രങ്ങളും, പശ്ചാത്തലങ്ങളും ; നമ്മുടെ മനസ്സിലെ മോഹങ്ങളും , മോഹഭംഗങ്ങളും അതേപടി പ്രതിഫലിപ്പിച്ചിരുന്നു. കറുപ്പിലും വെളുപ്പിലും തുടങ്ങി ഈസ്റ്റ്മാൻ കളറിലും , നിറക്കൂട്ടുകളിലും , HD യും സൂപ്പർ HD യും എത്തി നില്ക്കുന്ന ഇന്നത്തെ ചലച്ചിത്ര - മിനി സ്ക്രീൻ മേഖല നമ്മെ ഭ്രമിപ്പിച്ചില്ലെങ്കിലേ അൽഭുതമുള്ളൂ .

അരങ്ങിൽ പിച്ചവെച്ച്, അവിടെ ചുവടുറപ്പിച്ച് ; പിന്നീട് ചലച്ചിത്ര - മിനി സ്ക്രീൻ-ഹ്രസ്വ ചിത്ര മേഖലയിൽ മുന്നിലും പിന്നിലും പല റോളുകളും കൈകാര്യം ചെയ്ത് തന്റേതായ സാന്നിദ്ധ്യം ഉറപ്പാക്കിയ ഒരു ബാങ്കറെയാണ് ഈ ആഴ്ചത്തെ TB കോളത്തിൽ അഭിമാന പുരസ്സരം അവതരിപ്പിക്കുന്നത് .

**ചഞ്ചൽ കുമാർ**
**ബാങ്ക് ഓഫ് ബറോഡ**
**കല്പറ്റ ശാഖ**

ബാങ്ക് ഓഫ് ബറോഡയുടെ കൊയിലാണ്ടി ശാഖയിൽ 2011-ൽ തുടങ്ങിയ ഔദ്യോഗിക ജീവിതം കല്പറ്റ, കോഴിക്കോട് വെസ്റ്റ് ഹിൽ, കോഴിക്കോട് മെയിൻ ബ്രാഞ്ച് വഴി വീണ്ടും കല്പറ്റ ശാഖയിൽ എത്തി നില്ക്കുന്നു.

വയനാട്ടിലെ വൈത്തിരി സ്വദേശിയും , യശഃശ്ശരീരനായ ശ്രീ ദാമോദരന്റേയും , വീട്ടമ്മയായ ശ്രീമതി രാധയുടേയും മകൻ. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് കല്പറ്റ ഗോപാനന്ദ തീയേറ്റേഴ്സിന്റെ പുരാണ നാടകങ്ങളിൽ (ബാലെകളിലൂടെ ) സ്റ്റേജ് ആർട്ടിസ്റ്റായി കലാസപര്യയുടെ തുടക്കം. അരങ്ങിലെ ആ ഉറച്ച ചുവടുവയ്പ്പുകളാണ് സിനിമകളിലെ ജൂനിയർ ആർട്ടിസ്റ്റും , ടെലിഫിലിം ആർട്ടിസ്റ്റും , ആർട്ട് അസിസ്റ്റന്റും അതിലുപരി ഭാവിയിൽ തിരക്കഥാകൃത്തും , സംവിധായകനും ആയ റോളുകളിൽ എത്തുവാൻ ആത്മ വിശ്വാസം നല്കിയത്.

ബാല്യം മുതൽ കാണുന്ന സിനിമകളും , നാടകങ്ങളും, പിന്നെ ബാലെ അഭിനയത്തിന്റെ അനുഭവങ്ങളുമാണ് കലാ ജീവിത പ്രചോദനം.

വെള്ളിത്തിരയിലെ അനുഭവ പരിചയം ഇവയാണ് : നമ്മൾ , കസ്തൂരിമാൻ തുടങ്ങിയ ചിത്രങ്ങളിൽ ജൂനിയർ ആർട്ടിസ്റ്റ്, ഇതോടൊപ്പം റിലീസ് ആകാത്ത 2 ചിത്രങ്ങളിൽ മുഖം കാണിച്ചു. മിനി സ്ക്രീനിൽ തപസ്യ , ഓർമ്മ എന്നീ സീരിയലുകളിലും അഭിനയിച്ചു .

അരങ്ങിൽ അഭിനയം മാത്രമാണെങ്കിൽ , ഇവയെല്ലാം ഏകോപിക്കുന്ന അണിയറയിലും തന്റെതായ അടയാളം രേഖപ്പെടുത്താനും ചഞ്ചലിന് കഴിഞ്ഞു. കലാ രംഗത്ത് ഇതുവരെയും ആരുടേയും സഹായി ആയി ജോലി ചെയ്തിട്ടില്ല. ഒരു പാട് സെറ്റുകളിൽ പോയി നേരിൽ കണ്ട് പഠിച്ചതാണ് തന്റെ നേട്ടമെന്ന് ചഞ്ചൽ കുമാർ പറയുന്നു .

തുടക്കക്കാരായ പലർക്കും ഹ്രസ്വ ചിത്രങ്ങളുടെ സംവിധാനത്തിൽ സ്വന്തം പേര് വയ്ക്കാതെ ഒരു പാട് സഹായം ചെയ്തു കൊടുത്തിട്ടുണ്ട്. സംവിധാനം മാത്രമല്ല , ആർട്ട് ടീമിന്റെയും കൂടെ ജോലി ചെയ്തത് ഭാവിയിൽ മുതൽക്കൂട്ടാവുകയും ചെയ്തു.

2018 മുതൽ സ്വതന്ത്രമായി ഹ്രസ്വ ചിത്ര മേഖലയിൽ കാലുറപ്പിച്ചു. മലയാള ഷോർട്ട് ഫിലിം ചരിത്രത്തിൽ ആദ്യമായി ഡബിൾ റോൾ വന്ന ഷോർട്ട് ഫിലിം Face 2 Face (Story, Script, Direction)

Anjali A Journey of an angel ( ഷോർട്ട് ഫിലിം - Story ,Script, Direction)

Goal - A Lady on the way ( ഷോർട്ട് ഫിലിം - Direction)

ഫെയ്സ് ടു ഫെയ്സ് എന്ന ഷോർട്ട് ഫിലിമിന് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇതുവരെ ലഭിച്ച പുരസ്ക്കാരങ്ങൾ :

കോഴിക്കോട് മലബാർ സൗഹൃദവേദിയുടെ 2018ലെ ഷോർട്ട് ഫിലിം ഫെസ്റ്റിൽ സംവിധായകൻ (സ്പെഷ്യൽ ജൂറി അവാർഡ്), സ്വന്തം നാടായ വൈത്തിരിയിൽ നിന്നും 2018ൽ നന്മ (കലാകാരൻമാരുടെ ദേശീയ സംഘടന) നൽകിയ സംവിധായകനുള്ള ഉപഹാരം, വയനാട് ഡ്രീംസ് എന്ന സിനിമ സംഘടന 2018ൽ തന്ന ഉപഹാരം, 2019 ൽ നന്മയുടെ വയനാട് ജില്ലാ സമ്മേളനത്തിൽ തന്ന സംവിധായകനുള്ള ആദരവ്, 2018ൽ ഓറിയൻറൽ ഫിലിം ഫെസ്റ്റിവലിൽ Face 2 face ന് കിട്ടിയ അംഗീകാരം.

ബാങ്കിംഗ് രംഗത്ത് എത്തും മുന്നേ അല്പം ഫ്ളാഷ് ബാക്ക് :

പെയിന്റിംഗ് കോൺട്രാക്ട് ആയിരുന്നു മെയിൻ ജോലി. പിന്നെ ബന്ധങ്ങളുടെ പേരിൽ സിനിമാ സെറ്റിൽ പോയി നിൽക്കുക, സിനിമാ ആർട്ട് ടീം കൂടെ വർക്ക് ചെയ്യുക. കൂടാതെ ഹെൽത്ത് ഡിപ്പാർമെന്റ് വേണ്ടി ചുമർ പരസ്യങ്ങൾ ബോർഡുകൾ ചെയ്യാറുണ്ടായിരുന്നു.

കുടുംബ ചിത്രത്തിലെ നായിക വീട്ടമ്മയായ അമ്പിളി ആണ്. കല്പ്പറ്റ NSS സ്കൂളിൽ ആറാം ക്ലാസ്സിൽ പഠിക്കുന്ന ഭുവനമിത്രയും, നാലാം ക്ലാസ്സിൽ പഠിക്കുന്ന മിഥില മിത്രയും പിതാവിന്റെ കലാ പ്രവർത്തനത്തിന് കട്ട സപ്പോർട്ട്.

ഹ്രസ്വ ചിത്ര സംവിധാന വിജയത്തിന്റെ ആത്മ വിശ്വാസത്തിൽ സ്വന്തം കഥയിലും തിരക്കഥയിലും സംവിധാനം ചെയ്യുന്ന പ്രഥമ മലയാള സിനിമയുടെ മുന്നൊരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

നിറപ്പകിട്ടാർന്ന ചഞ്ചലിന്റെ സ്വപ്നങ്ങൾ അഭ്രപാളിയിൽ വിരിഞ്ഞു നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുമ്പോൾ , കാണികളായി ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയും ഉണ്ടാകും.

മലയാള ചലച്ചിത്ര ലോകത്ത് വേറിട്ട നാമം ആകട്ടേ ചഞ്ചൽ കുമാർ എന്ന് നമുക്ക് ഹൃദയപൂർവ്വം ആശംസിക്കാം.

യൂട്യൂബ് ലിങ്കുകൾ :

https://youtu.be/1GByBSbUexY

https://youtu.be/mZOrh_MD9j4

https://youtu.be/U6MIrK2rB3U

**English Version**

Silver screen - It has always mesmerized us.

Whatever be the size of the screen; big, mini, mobile screen - the story, characters and the scenes it brings before our eyes 24 frames/second.. reflected the deep desires, hopes, despair and all our emotions from the time celluloid formed shape. Starting with Black and white, and moving ahead through Eastmancolor, Technicolours, HD and reaching super HD – it would be a surprise if the sliver screen and mini-screen don't fascinate us.

This week we proudly present before you, a banker who has started his journey with the stage, proved his mettle there and moved on to carry out various roles behind and in front of the camera in film-miniscreen-short film genres; thereby making his multitalented presence felt in all these fields :

**Chanchal Kumar**
**Bank of Baroda**
**Kalpetta Branch**

His official journey began in the year 2011 at the Bank of Baroda Koyilandy branch and progressed through the Kalpetta, Kozhikode Westhill, and Kozhikode Main branches and has reached the Kalpetta branh again now.

He belongs to Wayanad Vythiri and was born to the late Shri. Damodaran and Smt. Radha, a house wife. The artist in him was born while he was in the 8th standard when he became a stage artist in the Pauranik theatrical dramas of the Kalpetta Gopananda theatres. His strong foothold in these stage acts paved way for imparting confidence in him to become a junior artist in movies, telefilm artist, art assistant and later on to be a script writer and director in the field.

He has been motivated by the movies and dramas he had been watching since a kid and the theatrical experiences.

His experiences in the celluloid field are: junior artist in movies like 'Nammal' and 'Kasturimaan', and also in two movies that have not been released; actor in mini screen serials 'Thapasya' and 'Orma'.

If on stage he excelled in acting, backstage he imprinted his presence in almost all the roles. He has never assisted anyone in their work. Whatever expertise and knowledge he has acquired are thanks to the direct experiences he had from visiting various movie sets.

He has supported and assisted many a budding movie makers in directing short films, without getting his name mentioned anywhere. Not only in direction field, he has also worked alongside the art teams, which has helped him later on in his artistic career.

From 2018 he has been making his own short films which are getting recognized by many :
* Face 2 Face (story, script and direction) is the first in the Malayalam short film history to adorn a double role.

* Anjali A Journey of an angel (story, script and direction )
* Goal A lady on the way (direction - latest)

The short film ‘Face 2 Face’ has received many accolades.

Awards and recognitions he has won :

• Director (special jury award) in the short film fest conducted by the Kozhikode Malabar Souhruda Vedi
• Award for direction given in 2018 by ‘NANMA' ( National Association of Malayalam Artists) in his own land, Vythiri.
• Award in 2018 by a film federation, ‘Vayanad Dreams'
• Recognition for Director at the Vayanad District Meeting of NANMA
• Recognition for his short film ‘Face 2 Face’ in the 2018 Oriental Flim Festival

A flashback before his banking tenure:

Painting contract was the main work.. then with the help of those he knew, he visited many movie sites, and got to work with the movie art team. He also got to draw wall paintings and do board works for the Health Department.

His heroine in his family movie is his spouse Smt. Ambili, a home maker. His two kids – Bhuvanamithra( a 6th standard student in the Kalpetta NSS School) and Midhilamithra ( a class 4 student ) – are his greatest supporters.

With the confidence imparted from the success of his short films, he is doing the foundation work for his first feature film (story, script writing and direction by himself).

As Chanchal's colourful dreams are shown to the mesmerised eyes of the thronging audience, our Talented bankers group members would also be part of the viewers supporting him.

We all take this opportunity to wish that Chanchal Kumar create an unique identity for himself in the Malayalam film industry.

-------------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, കടപ്പാക്കട, കൊല്ലം.

English version: Arya Gayathry, City Exchange, Deira Dubai Branch, UAE

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, താനൂർ